## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 151 — 12.02.2013-ൽ മറുപടിയ്ക്ക്

## ക്രമസമാധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈര്യജീവിതം തകരാറിലാകാനിടയായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ക്രമസമാധാനനില സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയതെപ്പോഴാണ്; | (എ) സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈര്യജീവിതം തകരാറിലായിട്ടില്ല. ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് പോലീസ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ക്രമസമാധാന നില സംബന്ധിച്ച് പോലീസ് സ്റ്റേഷൻ തലം മുതൽ സംസ്ഥാന തലം വരെ അവലോകനം നടത്താറുണ്ട്. ഡിസംബർ മാസത്തെ സംസ്ഥാനതല അവലോകനയോഗം പോലീസ് ആസ്ഥാനത്ത് വച്ച് സംസ്ഥാന പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ 16.01.2013 ൽ കൂടുകയും കുറ്റകൃത്യങ്ങളെയും പോലീസ് നടപടികളെയും സംബന്ധിച്ച് വിശകലനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കാത്തതിനാൽ ജനങ്ങൾ പ്രത്യേകിച്ച്, നഗരപ്രദേശങ്ങളിൽ ഭയവിഹ്വലരായി കഴിയുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൊലചെയ്യപ്പെട്ട ആൾ ആരാണെന്നറിയാൻപോലും സാധിക്കാത്ത കേസുകൾ ഉണ്ടായിട്ടുണ്ടോ; | (ബി) ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കാത്തതിനാൽ ജനങ്ങൾ പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഭയവിഹ്വലരായി കഴിയുന്നില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി പോലീസ് കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ |

വന്നതിനുശേഷം കൊലചെയ്യപ്പെട്ട ആൾ ആരാണെന്ന് അറിയാൻ സാധിക്കാത്ത സംഭവങ്ങൾ സംബന്ധിച്ച് നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഭരണ സിരാകേന്ദ്രത്തിനടുത്ത് നടന്നതുൾപ്പെടെയുള്ള വൻകൊള്ളകളിലെ ഇപ്പോഴും പിടികിട്ടാത്ത പ്രതികൾ എത്രയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണസിരാ കേന്ദ്രത്തിനടുത്ത് വൻ കൊള്ളകൾ നടന്നിട്ടില്ല. എന്നാൽ 15 ലക്ഷം രൂപയിൽ കൂടുതൽ മുതൽ മോഷ്ടിക്കപ്പെട്ട സംഭവങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 6 കേസുകളിൽ 18 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 10 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) ഇതെല്ലാം ജനങ്ങളിൽ എത്രത്തോളം അരക്ഷിതാവസ്ഥ ഉണ്ടാക്കിയിട്ടുണ്ട് ?

(ഡി) ജനങ്ങളിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കിയിട്ടില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും വേണ്ട സാധ്യമായ എല്ലാ സംരക്ഷണവും പോലീസ് നൽകി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾ നടത്തുന്നവരെ പോലീസ് വളരെ വേഗത്തിൽ തന്നെ കണ്ടെത്താറുണ്ട്. ജനങ്ങളുടെ സുരക്ഷയ്ക്കായി രാപകൽ ഭേദമന്യേ ജന സൗഹൃദപരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന പോലീസിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിച്ചു വരുന്നതിനാൽ ജനങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ നിലനിൽക്കുന്നതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ